**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1889** **09-12-2022 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷക ക്ഷേമനിധി ബോർഡിൽ നിന്നും നാളിതുവരെ എത്ര രൂപയുടെ സഹായം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്; | (എ) | കേരള കർഷക ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിനു അർഹതയുള്ളത്. അംഗത്വ രജിസ്ട്രേഷൻ ഓൺലൈനായി ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തീയ്യതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യം നല്കാറായിട്ടില്ല. |
| (ബി) | ബോർഡിന്റെ നാളിതുവരെയുള്ള ഭരണനിർവഹണ ചെലവ് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ; ഭരണനിർവഹണ ചെലവിന്റെ പരിധി സംബന്ധിച്ച് നിയമത്തിലോ ബോർഡിന്റെ ഏതെങ്കിലും പദ്ധതിയിലോ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ബോർഡിന്റെ ഭരണനിർവ്വഹണ ചെലവ് സാമ്പത്തിക വർഷം തിരിച്ച് ചുവടെ കൊടുക്കുന്നു.<br>2020-21 – 11,30,251 രൂപ<br>2021-22 – 1,02,75,501 രൂപ<br>കേരള കർഷക ക്ഷേമനിധി ആക്ടിന്റെ സെക്ഷൻ 11(6) പ്രകാരം ബോർഡിന്റെ ഭരണനിർവ്വഹണ ചെലവുകൾക്കായി നിധിയിൽ നിന്നും ചെലവാക്കുന്ന തുകയുടെ പരിധി അംശദായത്തിന്റെ പത്തു ശതമാനം ആയിരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. |
| (സി) | ഭരണനിർവഹണ ചെലവ് നിർവഹിച്ചത് ഏത് ഇനത്തിലുള്ള വരുമാനത്തിൽ നിന്നാണ് എന്ന് വ്യക്തമാക്കുമോ; | (സി) | സർക്കാർ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് ഭരണ നിർവഹണ ചെലവ് നിർവഹിച്ചു പോരുന്നത്. |
| (ഡി) | ഓരോ സാമ്പത്തിക വർഷവും ആകെ വരുമാനത്തിന്റെ എത്ര ശതമാനം ഭരണനിർവഹണത്തിനായി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ? | (ഡി) | ബഡ്ജറ്റ് വിഹിതം പൂർണമായും ഭരണ നിർവഹണ ചെലവുകൾക്കായാണ് അനുവദിച്ചിരിക്കുന്നത്. കർഷകരുടെ അംശദായം ഉൾപ്പെടെയുള്ള വരുമാനം ഉൾപ്പെടുന്ന കർഷക ക്ഷേമ നിധിയിൽ നിന്നും ഭരണ നിർവഹണത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ